പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 24 25.04.2017 ൽ മറുപടിയ്ക്ക്

# സേവനാവകാശ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ശശി | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) "സേവനാവകാശ നിയമം" സംസ്ഥാനത്ത് നിലവിൽ വന്നത് എന്നു മുതലാണ് എന്നും നിയമം നടപ്പാക്കാനായി സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ; | (എ) 2012 നവംബർ 1 നാണ് സേവനാവകാശ നിയമം നിലവിൽ വന്നത്.പ്രസ്തുത നിയമപ്രകാരം ഓരോ വകുപ്പും, വകുപ്പ് മേധാവിയും, പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്നതായ സേവനങ്ങൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ, സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എന്നിവ വിജ്ഞാപനം ചെയ്യുകയും സേവനാവകാശ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.<br>ഈ നിയമം 121 വകുപ്പുകളിൽ നടപ്പാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകുന്നതിലേയ്ക്കും അഴിമതി കുറയ്ക്കുന്നതിലേയ്ക്കും വേണ്ടിയാണ് സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുള്ളത്. പ്രധാനപ്പെട്ട എല്ലാ വകുപ്പുകളിലും പൊതുജനങ്ങൾക്ക് നേരിട്ട് നൽകുന്ന സേവനങ്ങളെല്ലാംതന്നെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുവാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്.<br>സർക്കാർ ഓഫീസുകളെ ജനസൗഹൃദമായി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ സേവനാവകാശ നിയമം, പൗരാവകാശരേഖ, പൗരന്മാരുമായുള്ള ആശയവിനിമയത്തിനുമുള്ള അവസരം എന്നിവ പോലുള്ള സവിശേഷതകൾ കൊണ്ടുവരുന്നതിനായി കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. ഇതിന്റെ ഭാഗമായി, |

| | |
|---|---|
| | നിയമം ഫലപ്രദമായും ജനസൗഹൃദപരമായും നടപ്പിലാക്കുന്നതിനായി വകുപ്പദ്ധ്യക്ഷന്മാരുടെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും സംസ്ഥാനതല ശിൽപ്പശാല 15.12.2016 ൽ IMG യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണനയിലാണ്. |
| (ബി) സേവനാവകാശ നിയമത്തിന്റെയും പ്രസ്തുതനിയമം നടപ്പാക്കാനായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കുമോ; | (ബി) സേവനാവകാശ നിയമത്തിന്റെയും പ്രസ്തുത നിയമം നടപ്പാക്കാനായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) സേവനാവകാശ നിയമം നടപ്പിൽ വന്നതിനു ശേഷം നിയമത്തിനു വിരുദ്ധമായി പ്രവർത്തനം നടത്തിയതായി കണ്ടെത്തി ശിക്ഷ നല്കിയത് എത്ര ജീവനക്കാരുടെ പേരിൽ എന്നു വ്യക്തമാക്കുമോ; | (സി) ജീവനക്കാർ ആരുംതന്നെ ശിക്ഷാനടപടിക്ക് വിധേയരായതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ഡി) ജില്ലാ കളക്ടറുടെ കീഴിലും തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന ഉദ്യോഗസ്ഥരിൽ സേവനാവകാശ നിയമങ്ങൾക്കു വിരുദ്ധമായി പ്രവർത്തിച്ചതായി കണ്ടെത്തിയവർ എത്ര; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ? | (ഡി) വിവരം ശേഖരിച്ചുവരുന്നു. |

Jeni R
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്